# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം പി 9/170/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം പി 9/170/23 തീയ്യതി: 04/04/2023

## കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 18-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 19-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജൻ വി.ഡി., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയകുമാരിയമ്മ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വി.പി.രമാദേവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അരുൺ അലക്സാണ്ടർ | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ. റെജിമോൻ എം. | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാനവാസ് ഇ. | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു എൽ. | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എം.കെ.അനീഷ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.റാണി ചന്ദ്രൻ എൽ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 25-04-2021 | 31-03-2022 |
| ഡോ.സിനി എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ബാബു സാമുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ബിനുകുമാർ റ്റി | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന ജി. | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികക്കണക്ക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല. | 1-11 |
| 13 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്റ്റ് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-12 |
| 14 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-13 |
| 15 | ആസ്തി രജിസ്റ്റർ പരിപാലനം | 1-14 |
| 16 | കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല-1740/- രൂപയുടെ നഷ്ടം | 1-15 |
| 17 | ലാപ് ടോപ്പ്, പ്രിന്റർ വാങ്ങൽ - തുക മുൻകൂർ നൽകി -നാളിതുവരെ ലഭിച്ചിട്ടില്ല. | 1-16 |
| 18 | മഴക്കാല പൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. | 1-17 |
| 19 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 21 | വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധന നടത്തണം | 1-20 |
| 22 | Compensation For Delay/Liquidated Charges ഈടാക്കിയതിൽകുറവ് | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല-1740/- രൂപയുടെ നഷ്ടം | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തെ ബജറ്റ് 19.02.2021-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25.02.2022-ലെ 8(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 23.06.2022 | ബാധകമല്ല | - |

### 1-2-1 വാർഷികക്കണക്ക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2020-21വർഷത്തെ വാർഷികക്കണക്ക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. തൊഴിൽനികുതിയിനത്തിലുള്ള വരവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം - 516280/-

രജിസ്റ്റർ പ്രകാരം-548530/-

2. ലൈഫ്--വരവ്,തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ(Loan Repayment Register) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ബി- 11(a) ഷെഡ്യൂളിൽ Capital Work In Progress ആയി ഉൾപ്പെട്ട 1328079/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5. RP-34 Deposits Received -Contractors Retention – ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം -36188/-

രജിസ്റ്റർ പ്രകാരം-24335/-

6. സി.എഫ്.സി – ടൈഡ് & അൺടൈഡ് എ.സി.ആർ. പ്രകാരമുള്ള ചെലവു തുക സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

7. കേരള വാട്ടർ അതോറിറ്റിക്ക് തൻവർഷം മുൻകൂർ നല്കിയ തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

8. ICDS – ചെലവു തുക AFS-മായി പൊരുത്തപ്പെടുന്നില്ല.

9. സ്വച്ഛ് ഭാരത് മിഷൻ ചെലവു തുക AFS-മായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9302473/-രൂപ |
| വരവ് | 60882097/-രൂപ |
| ആകെ | 70184570/-രൂപ |
| ചെലവ് | 62571321/-രൂപ |
| നീക്കിയിരിപ്പ് | 7613249/-രൂപ |
| വരവ് നഷ്ടം | - |
| ചെലവ് നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1740/-രൂപ |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 321220/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9596092/- | 9596092/- | 9534000/- | 62092/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7391000/- | 7391000/- | 6241876/- | 1149124/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്-Treasury) | 0 | 472829/- | 472829/- | 373340/- | 99489/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്-Bank) | 0 | 1809372/- | 1809372/- | 1537988/- | 271384/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-Treasury) | 0 | 2749437/- | 2749437/- | 1308088/- | 1441349/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-Bank) | 0 | 2663000/- | 2663000/- | 1427828/- | 1235172/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 14606588/- | 14606588/- | 11932629/- | 2673959/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4902522/- | 4902522/- | 3776181/- | 1126341/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| ശുചിത്വ മിഷൻ | 2060147/- | 130000/- | 2190147/- | 639258/- | 1550889/- |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 740000/- | 10,00,000/- | 1740000/- | 1557000/- | 183000/- |
| എംജിഎൻആർഇജിഎ (സംസ്ഥാന വിഹിതം) | 3747/- | 1229840/- | 1233587/- | 1233473/- | 114/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ഐസിഡിഎസ് | 1194808/- | 616594/- | 1811402/- | 753820/- | 1057582/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 106122950/- | 150 | 45707567/- | - | 32 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 39402325 | 39402325 | 39402325 | 0 |
| ഭരണചെലവുകൾ | 3747 | 1229840 | 1233587 | 1233473 | 114 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41880/- | 21 |
| കർഷകതൊഴിലാളി പെൻഷൻ | 2035200/- | 129 |
| വിധവാപെൻഷൻ | 12947000/- | 884 |
| വാർദ്ധക്യകാലപെൻഷൻ | 24668600/- | 1802 |
| വികലാംഗപെൻഷൻ | 3552300/- | 233 |
| അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 390000/- | 29 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023 03.43-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7854/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പൂർണ്ണമായും കാര്യക്ഷമമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിലെ വൗച്ചറുകൾ കൃത്യമായി ഫയൽചെയ്ത് സൂക്ഷിക്കുന്നുണ്ട്. അനുബന്ധ രജിസ്റ്ററുകളും, വിതരണം നടത്തിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളും സ്റ്റേറ്റ്മെന്റുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളും ഉണ്ടാകേണ്ടതാണ്. വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പദ്ധതികളുൾപ്പെടെയുള്ള പദ്ധതികളുടെ ഫയലുകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റുകളും, മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകളും വി ഇ ഒ യുടെ തന്നെ സാക്ഷ്യപത്രങ്ങളും സൂക്ഷിച്ചിരുന്നില്ല. ഗുണഭോക്തൃ രജിസ്റ്ററുകൾ പൂർണ്ണമല്ല. വിവിധ ഏജൻസികൾ വഴി നിർവ്വഹണം സാദ്ധ്യമാക്കുന്ന പദ്ധതികളിൽ, പദ്ധതിത്തുക നിക്ഷേപിച്ച ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിലും അവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പൂർത്തീകരണത്തിലും അധികൃതർ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതായിട്ടുണ്ട്. അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2022 | 07/22 To 09/22 | 14.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2017-15.03.2017 | 2011-12 To 2015-16 | 20.04.2017 |

### 1-11 റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ റീട്ടെയിൽ റേഷൻ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്യുന്നില്ല. 13 റേഷൻ ഷോപ്പുകളിൽ 2 എണ്ണം മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റീട്ടെയിൽ റേഷൻ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്നും സിവിൽ സപ്ലൈസ് ഡയറക്ടർ (സി.എസ്.) എ.9-764/2019/22.01.2019 നമ്പർ കത്ത് മുഖേന ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർമാർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് 500/- രൂപയാണ് ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ 11 റേഷൻ കടകളുടെ ഫീസിനത്തിൽ 5500/- രൂപ പ്രതിവർഷം നഷ്ടമാകുന്നുണ്ട്. ഡിമാന്റ് ചെയ്യാത്ത തുകകൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 പ്രകാരം കാലഹരണപ്പെട്ടുപോകാൻ സാധ്യതയുള്ളതിനാൽ റേഷൻ വ്യാപാരികളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 9/ 27-01-2023

### 1-12 മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പ്രോജക്ട് - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ പദ്ധതി (45/2021-22)

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന് നൽകിയതുക (രൂപ)/ബിൽ നം., തീയതി. | ഇൻവോയിസ് നം/തീയതി. | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപ)/ഉപകണങ്ങൾ |
|---|---|---|---|
| 45/2021-22 വികസനഫണ്ട് ഫണ്ട് (ജനറൽ) & ബ്ലോക്ക് വിഹിതം- | പദ്ധതി അടങ്കൽ – 8,00,000/- രൂപ<br>ചെലവ് – 7,65,102/- രൂപ<br>23/11.11.2020 | 5519/07-02-2022 | 12,445/- (ഉപകരണങ്ങൾ) |
| | | 5517/07-02-2022 | 11,202/- (മരുന്നുകൾ) |

2. പി.എച്ച്.സി .യ്ക്ക് മരുന്നുവാങ്ങൽ

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ-ന് നൽകിയ തുക (രൂപ)/ ബിൽ നം., തീയതി. | ഇൻവോയിസ് നം/തീയതി. | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപ) |
|---|---|---|---|
| 46/21-22 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3,00,000/-രൂപ –18/13-10-2021 | 2000/10-09-2021 | 26,634/- |

ലഭ്യമാക്കാത്ത മരുന്നുകളുടെയും ഉപകരണത്തിന്റെയും വിലയിനത്തിലുള്ള 50281/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 1/20-01-2023

## 1-13 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

| *ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (ജനറൽ)<br>പ്രോജക്ട് നമ്പർ –1/22 (അടങ്കൽ തുക:18000000/-രൂപ, ചെലവ് തുക: 4686126/-രൂപ) | | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
| 1 | ഓമന സുരേഷ്<br>ലക്ഷ്മി വിലാസം<br>മാലൂർ | 40000/- | നിർമ്മാണം തുടങ്ങിയിട്ടില്ല |
| 2 | പ്രേമ<br>ഗോകുലം<br>മണയറ | 200000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 3 | ഉഷാകുമാരി<br>ജയവിലാസം, മണയറ | 220000/- | അടിസ്ഥാനം നിർമ്മിച്ചു |
| 4 | ആരിഫാബീവി<br>പറങ്കിമാംവിളവീട്<br>പട്ടാഴി വടക്കേക്കര | 300000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | രാജി<br>മംഗലത്ത് വീട്<br>മീനം വടക്കേക്കര | 300000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| *ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (എസ് സി പി)<br>പ്രോജക്ട് നമ്പർ – 2/21-22 (അടങ്കൽ തുക: 12500000/-രൂപ, ചെലവ് തുക: 3142100/-രൂപ) | | | |
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (രൂപ) | നിലവിലെ അവസ്ഥ |
| 1 | മഞ്ജു<br>ചെറുകോണത്ത് മേലേതിൽ<br>ചെളിക്കുഴി | 200000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | ശശികല<br>വെള്ളിഞ്ചയിൽ മെതുകുമ്മേൽ | 300000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 3 | ദാമോദരൻ<br>പാറയ്ക്കൽ പുത്തൻവീട്, മണയറ | 200000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 4 | രാജീവ് ആർ<br>പുത്തൻവിള താഴതിൽ<br>ഗോവിന്ദമഠം | 300000/- | മേൽക്കൂര കോൺക്രീറ്റ് ചെയ്തു |
| 5 | രാജേഷ് | 300000/- | മേൽക്കൂര കോൺക്രീറ്റ് |

| | | | |
|---|---|---|---|
| | പുത്തൻവിള താഴതിൽ ഗോവിന്ദമഠം | | ചെയ്തു |

മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വികരിക്കേണ്ടതാണ്.
പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-14 ആസ്തി രജിസ്റ്റർ പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി.) 1699/17/തസ്വഭവ. തീ 24.05.2017 ൽ ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ ചുമതല വ്യക്തമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുകയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-15 കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല-1740/- രൂപയുടെ നഷ്ടം

പ്രോജക്ട് നം. 36/22

അടങ്കൽ - 195000/- രൂപ (വികസന ഫണ്ട്)

പട്ടികജാതി വിദ്യാർത്ഥികൾക്ക് 29 മേശയും 29 കസേരയും വാങ്ങുന്നതിനായി 84825/- രൂപ ബിൽ നം. 4/24.3.22 പ്രകാരം ചെലവഴിച്ചു. കുറഞ്ഞ നിരക്ക ക്വോട്ടു ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ പരിഗണിച്ചില്ല.

1740/- രൂപയുടെ നഷ്ടം.
(വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-16 ലാപ് ടോപ്പ്, പ്രിന്റർ വാങ്ങൽ - തുക മുൻകൂർ നൽകി -നാളിതുവരെ ലഭിച്ചിട്ടില്ല.

2021-22 വർഷത്തെ തനതുഫണ്ട് വൗച്ചർ പരിശോധിച്ചതിൽ വൗച്ചർ നം. 22100559/20.10.2021 പ്രകാരം MGNREGS ന് ലാപ് ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിന് 59038/- രൂപ ചെക്ക് നം. 2868833/20.10.21 പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. ലാപ് ടോപ്പും ഒരു മൾട്ടി ഫങ്ഷൻ പ്രിന്ററും സി.പി.ആർ.എസ് സംവിധാനം വഴി വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയെങ്കിലും നാളിതുവരെ കെൽട്രോണിൽനിന്നും ലാപ്പ്ടോപ്പ് ലഭിച്ചിട്ടില്ല. കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പ് 1 എണ്ണം 39020/- രൂപയ്ക്കും പ്രിന്റർ 1 എണ്ണം 20018/- രൂപയ്ക്കും വാങ്ങുന്നതിനാണ്

തുക നൽകിയത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് പ്രിന്റർ ലഭിച്ചതായും എം.ജി.എൻ.ആർ.ഇ.ജി.എസ് സെക്ഷന് കൈമാറിയതായും മറുപടി ലഭ്യമാക്കി. എം.ജി.എൻ.ആർ.ഇ.ജി.എസ് സെക്ഷന് നൽകിയ പ്രിന്റർ മറ്റൊരു പ്രോജക്ട് പ്രകാരമുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയിനത്തിൽ ചെലവഴിച്ച 59038/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം - 6/25.1.23

തടസ്സപ്പെടുത്തിയ തുക - 59038/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - ശ്രീ. റെജിമോൻ. എം, സെക്രട്ടറി

## 1-17 മഴക്കാല പൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം. 22100216/23.6.21

2021-22 വർഷം മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 130,000/- രൂപ ചെക്ക് നം 38012/23.06.21 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് നൽകിയിട്ടുണ്ട്. ഒരു വാർഡിന് 10,000/- രൂപ ക്രമത്തിൽ 13 വാർഡുകൾക്ക് അനുവദിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 6/25.1.23

തടസ്സപ്പെടുത്തിയ തുക - 130,000/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - ശ്രീമതി. റാണി ചന്ദ്രൻ. എൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

## 1-18 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തുവരുന്നത്. ടി തുകകൾ നാളിതുവരെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുംനിലവിൽ ഇ ടെണ്ടർ ഫാറവില എപ്രകാരമാണ് ക്രെഡിറ്റ് ചെയ്തുവരുന്നതെന്നും അന്വേഷിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7, 27-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (രൂപ) | ബിൽ നം |
|---|---|---|---|---|
| | ജീവനം പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം ഒടുക്കൽ (109/22)<br>അടങ്കൽതുക- 50000/- രൂപ (വികസന ഫണ്ട്) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 50000/- | 32/09-09-2021 |
| | പൊതുവഴിയിലെ പോസ്റ്റ് മാറ്റി വയ്ക്കൽ (138/22)<br>അടങ്കൽ തുക – 300000/- രൂപ | കെ.എസ്.ഇബി | 17127/- | 438/30-03-2022 |

| | | | | |
|---|---|---|---|---|
| | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | | |
| 3 | മാർക്കറ്റ് കടമുറികളിലേയ്ക്കുള്ള കുടിവെള്ള കണക്ഷൻ (186/22) അടങ്കൽ തുക – 14774/- രൂപ (തനത്ഫണ്ട്) | കേരളാ വാട്ടർ അതോറിറ്റി | 14774/- | 442/31-03-2022 |
| | | ആകെ | 81901/- | |

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 81901/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 81901/- രൂപ

ഓഡിറ്റ് അന്വേഷണം - 03/25-01-2023

## 1-20 വാട്ടർ അതോറിറ്റിയിൽ കുടിവെള്ളക്കരം അടവാക്കൽ - സംയുക്ത പരിശോധന നടത്തണം

കുടിവെള്ളക്കരം അതാതു മാസം തന്നെ ഒടുക്കുവരുത്തുന്നില്ല. ആയതിനാൽ പിഴ പലിശ ഉൾപ്പെടുള്ള തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് ലഭിക്കുന്നത്. അതാതുമാസം തന്നെ തുക ഒടുക്കുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 76 പൊതു ടാപ്പുകളാണ് ഉള്ളത്. ഇതിന് പ്രതിമാസം 34913/- രൂപയാണ് ഒടുക്കുവരുത്തേണ്ടത്. (5512.5/-പ്രതിവർഷം)

പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03, 25-01-2023) കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനനടത്തുന്നതിന് കത്തു നല്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി, തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 Compensation For Delay/Liquidated Charges ഈടാക്കിയതിൽകുറവ്

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾചുവടെചേർക്കുന്നു.

| | |
|---|---|
| 1 – പ്രോജക്ട് | പരുമല ജംഗ്ഷൻ വേട്ടാർവില റോഡ് റീ ടാറിംഗ് ഐറിഷ് കോൺക്രീറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 655000/- (സംരക്ഷണ ഗ്രാന്റ്, റോഡ്, ) |
| കരാറുകാരൻ | ശ്രീ. എസ്. ശശി |
| കരാർ | 75/AE/LSGD/PZHY(n)/2019-20, 23-03-2020 |
| ചെലവ് തുക | 623965/-, ബിൽ നം. 1/28-07-2021 |
| എഗ്രീഡ് പി.എ.സി | 584142 |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 120 ദിവസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 23-03-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 04-05-2021 |

| | |
|---|---|
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 20-07-2020 |
| വൈകിയ കാലയളവ് : | 102 ദിവസം (6 മാസം ഒഴിവാക്കി) |
| കണക്കാക്കാവുന്ന ഫൈൻ | 8511/- രൂപ (584142 X0.1% 102/7). |
| ഈടാക്കിയ ഫൈൻ. | ഇല്ല |
| ഈടാക്കിയതിൽ കുറവുവന്ന തുക | 8511/- രൂപ |

| | |
|---|---|
| 2 – പ്രോജക്റ്റ് | അംബേദ്കർ ജംഗ്ഷൻ മഞ്ചാടിമുക്ക് റോഡ് റീ ടാറിംഗ് ഐറിഷ് കോൺക്രീറ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 10,00,000/- (സംരക്ഷണ ഗ്രാൻറ്, റോഡ്, ) |
| കരാറുകാരൻ | ശ്രീ. ബി. മധു |
| കരാർ | 74/AE/LSGD/PZHY(n)/2019-20,23-03-2020 |
| ചെലവ് തുക | 999841/-, ബിൽ നം. 44/19-03-2022 |
| എഗ്രീഡ് പി.എ.സി | 892511/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 120 ദിവസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 23-03-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19-02-2022 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 20-07-2020 |
| വൈകിയ കാലയളവ് : | 394 ദിവസം (6 മാസം ഒഴിവാക്കി) |
| കണക്കാക്കാവുന്ന ഫൈൻ | 50236/- രൂപ (892511 X 0.1% 394/7). |
| ഈടാക്കിയ ഫൈൻ. | 8925/- രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 41311/- രൂപ |

| | |
|---|---|
| 3 – പ്രോജക്റ്റ് | ന്യൂ എൽ പി എസ് താഴത്തു വടക്ക് അടുക്കള പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 175000/- (സംരക്ഷണ ഗ്രാന്റ്, റോഡ്) |
| കരാറുകാരൻ | ശ്രീ. കെ. ഉദയൻ |
| കരാർ | 70/AE/LSGD/PZHY(n)/2019-20,05-03-2020 |
| ചെലവ് തുക | 171203/-, ബിൽ നം. 8/12-11-2021 |
| എഗ്രീഡ് പി.എ.സി | 1,55,953/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 2മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 14-03-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 11-10-2021 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 13-05-2020 |
| വൈകിയ കാലയളവ് | 332 ദിവസം (6 മാസം ഒഴിവാക്കി) |
| കണക്കാക്കാവുന്ന ഫൈൻ | 7397/- രൂപ (155953 X0.1% 332/7). |
| ഈടാക്കിയ ഫൈൻ. | 3500/- രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 3897/- രൂപ |

| | |
|---|---|
| 4 – പ്രോജക്റ്റ് | മെതുകുമ്മേൽ കടിക റോഡ് റീ ടാറിംഗ് |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 4,00,000/- (സംരക്ഷണ ഗ്രാന്റ്, റോഡ്, ) |
| കരാറുകാരൻ | ശ്രീ. ബി. മധു |
| കരാർ | 43/AE/LSGD/PZHY(n)/2020-21,29-09-2020 |
| ചെലവ് തുക | 397965/-, ബിൽ നം. 436/26-02-2022 |
| എഗ്രീഡ് പി.എ.സി | 356740/- |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 120 ദിവസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 29-09-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 16-02-2022 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 28-07-2021 |
| വൈകിയ കാലയളവ് : | 394 ദിവസം(6 മാസം ഒഴിവാക്കി) |
| കണക്കാക്കാവുന്ന ഫൈൻ | 10345/- രൂപ (35674 X0.1% 203/7). |
| ഈടാക്കിയ ഫൈൻ. | 3600/- രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 7232/- രൂപ |

പിഴ ഈടാക്കിയതിൽ കുറവുവന്ന തുക 60951/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 27-01-2023 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം – 07/ 27-01-2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറഞ്ഞ ടെണ്ടർ പരിഗണിച്ചില്ല-1740/- രൂപയുടെ നഷ്ടം

പ്രോജക്ട് നം. 36/22

അടങ്കൽ - 195000/- രൂപ (വികസന ഫണ്ട്)

പട്ടികജാതി വിദ്യാർത്ഥികൾക്ക് 29 മേശയും 29 കസേരയും വാങ്ങുന്നതിനായി 84,825/- രൂപ ബിൽ നം. 4/24.3.22 പ്രകാരം ചെലവഴിച്ചു.

-ടി- പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ സ്റ്റീൽ ടേബിൾ ഒന്നിന് കുറഞ്ഞ നിരക്കായ 2,550/- രൂപ ക്വോട്ടു ചെയ്തത് സോനാ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവും പ്ലാസ്റ്റിക്ക് ആം ചെയർ ഒന്നിന് 315/- രൂപ ക്വോട്ടു ചെയ്തത് ഗ്രീൻ ഫെയർ എന്ന സ്ഥാപനവുമാണ്. എന്നാൽ ശബരി ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 2,550/- രൂപ നിരക്കിൽ ടേബിളും (നെഗോസിയേഷനിലൂടെ) 375/- രൂപ നിരക്കിൽ ചെയറും വാങ്ങി. ചെയറിന് കുറഞ്ഞ നിരക്കായ 315/- രൂപ ക്വോട്ടു ചെയ്ത ഗ്രീൻ ഫെയർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെയും നെഗോസിയേഷൻ നടത്താതെയും 375/- രൂപ നിരക്കിൽ ചെയർ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് പഞ്ചായത്ത് കമ്മിറ്റിയുടേയും പ്രൊക്വയർമെന്റ് കമ്മിറ്റിയുടേയും തീരുമാനം അനുസരിച്ചാണ് വാങ്ങൽ നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത ഗ്രീൻ ഫെയർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരുന്നുവെങ്കിൽ 1,740/- രൂപയുടെ (29*60) നഷ്ടം ഒഴിവാക്കാമായിരുന്നു. ആയതിനാൽ ടിയിനത്തിൽ അധികം ചെലവഴിച്ച 1,740/- രൂപ

ഓഡിറ്റിൽ നിരാകരിക്കുന്നു.

എൻക്വയറി നം - 4/25.1.23

നിരാകരിച്ച തുക - 1,740/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശ്രീമതി. ബീന. ജി, ഹെഡ്മിസ്ട്രസ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.01.2023,<br>27.01.2023 | കെ.എസ്.എ.കെ.എൽ.എം.പി.9/170/23<br>തീയതി - 31/03/2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 55,000/- | ഹരിതകേരളം - സമഗ്ര നെൽകൃഷി വികസനം | 55,000/- | - |
| | | 5,60,000/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും (എസ്.സി.പി.) | 5,60,000/- | - |
| | | 1040000/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 1040000/- | - |
| | | 2,00,000/- | വയോജനങ്ങൾക്ക് കട്ടിൽ | 2,00,000/- | - |
| | | 142633/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 142633/- | - |
| | | 110000/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 110000/- | - |
| | | 300000/- | പാലിയേറ്റീവ് കെയർ | 300000/- | - |
| | | 156809/- | ചെമ്പരത്തിമുക്ക് പാലക്കോണത്ത് റോഡ് സൈഡ്-മണ്ണ് ഫില്ലിംഗ് രണ്ടാം ഘട്ടം | 156809/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 152100/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 152100/- | - |
| | | 100000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 100000/- | - |
| | | 120284/- | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 120284/- | - |
| | | 406126/- | ലൈഫ് മിഷൻ - ഭൂമി വാങ്ങലും ഭവന നിർമ്മാണവും | 406126/- | - |
| | | 406677 | പാലിന് സബ്സിഡി | 406677 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | | 34708/- | 34708/- | 34708/- |
| കേരള വാട്ടർ അതോറിറ്റി | മാർക്കറ്റ് കടമുറി കുടിവെള്ള കണക്ഷൻ | | 14774/- | 14774/- | 14774/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2200000/- രൂപ വരവുണ്ട്. മുൻബാക്കി 480420/- രൂപയടക്കം 2680420/- രൂപയിൽ 1796000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) 5105/2019 -തീ.01.08.2019 | 2200000/- | 2268266/- | 1100000/- | | 3368266/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2065/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-4 | 2065/- | ശ്രീ. ജെറിൻ ടി. ജോർജ്ജ് വെറ്ററിനറി സർജൻ | 121010103180/ 23.11.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(5) | 2016-17 | അദ്ധ്യായം 1 | വസ്തുനികുതി പിരിച്ചെടുക്കാൻ ശേഷിക്കുന്ന 6,64,596/- രൂപ സംബന്ധിച്ച് | മറുപടി നൽകിയിട്ടുണ്ട്. |
| 2014-15 | 2(4) | 2016-17 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് | - |
| 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് | എല്ലാ സ്ഥാപനങ്ങളും ഒടുക്കിയിട്ടില്ല. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 1740/- രൂപ | ശ്രീമതി ബീന ജി., ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 50281/- | ഡോ. റാണിചന്ദ്രൻ എൽ., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-16 | 59038/- | ശ്രീ. റെജിമോൻ എം., സെക്രട്ടറി, |
| 1-17 | 130000/- | ഡോ. റാണിചന്ദ്രൻ എൽ., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-19 | 81901/- | ശ്രീ. റെജിമോൻ എം., സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. റെജിമോൻ. എം,<br>സെക്രട്ടറി | സെക്രട്ടറി,<br>പോരുവഴി ഗ്രാമപ്പഞ്ചായത്ത് | തട്ടാരഴികത്ത്<br>പുത്തൂർ പി.ഒ<br>കൊല്ലം |
| ഡോ. റാണിചന്ദ്രൻ. എൽ,<br>മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | കണിയാംപള്ളിൽ<br>ഐത്തോട്ടുവ<br>വെസ്റ്റ് കല്ലട |
| ശ്രീമതി ബീന. ജി, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്,<br>ഗവ. എൽ.പി.എസ്, ഏറത്ത് വടക്ക് | ശിവം, ഏഴാംകുളം<br>പറക്കോട് പി.ഒ.<br>691554 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-2002 | കെ.എസ്.എ.കെ.എൽ.എം പി-9 -382(7)/18 Dt – 23.2.18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം പി-9 -382(8)/18 Dt – 23.2.18 | 1 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം പി-9 -382(9)/18 Dt – 23.2.18 | 4 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം പി-9 -382(10)/18 Dt – 23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം പി-9 -382(11)/18 Dt – 23.2.18 | 3 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം പി-9 -1489/19 Dt – 23.06.2020 | 2 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം പി-9 -745(2)/19 Dt – 31.5.2019 | 8 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം പി-9 -745(3)/19 Dt – 31.5.2019 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം പി-9 -745(4)/19 Dt – 31.5.2019 | 4 |
| 2010-2011 &2011-2012 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2010-11,11-12/1563(1)/22 Dt – 19.08.22 | 10 |
| 2012-2013 &2013-2014 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2012-13,13-14/1563(2)/22 Dt – 19.08.22 | ----- |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2014-15/1563(2)/22 Dt – 19.08.22 | 9 |
| 2015 -2016 | കെ.എസ്.എ.കെ.എൽ.എം പി-9/Adalath 2015-16/1563/22 Dt – 19.08.22 | 8 |
| 2016 -2017 | കെ.എസ്.എ.കെ.എൽ.എം പി-9 -183/2020 Dt – 20.11-2020 | 5 |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം പി-9 -1054/2020 Dt – 14.10.2020 | 8 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം പി-9/555/2020/26.06.2020 | 5 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം പി-9 1012/21/30.11.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം പി-9/993/2022/23.07.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്